# മഞ്ചവിളാകം ഗസറ്റ്

മഞ്ചവിളാകം ഗവ.യു.പി. സ്കൂൾ മുഖപത്രം

വാർഷികപ്പതിപ്പ് 2022–2023

ലക്കം 02 | ഗവ.യു.പി.എസ്. മഞ്ചവിളാകം | തിരുവനന്തപുരം 695 503 | ഫോൺ 0471–2232833 | Gupsmanchavilakam | hm.manchavilakom@gmail.com | മാർച്ച് 2023



03

പൂവിളിയും കൈകൊട്ടിക്കളിയുമായി ഓണാഘോഷം

സ്കൗട്ട്സ് & ഗൈഡ്സ്



04

കുട്ടികളുടെ ത്രിദിന സഹവാസ ക്യാമ്പും പരിശീലനവും



03

ലഹരിക്കെതിരെ മഞ്ചവിളാകം

ADMISSION COMMENCED

LKG, UKG, STD. I to VII

ENGLISH & MALAYALAM MEDIUM

FREE ABACUS CLASSES FOR LP STUDENTS

SCHOOL BUS AVAILABLE TO ALL ROUTES

## സമഗ്ര വികസനം സുസ്ഥിര വിദ്യാഭ്യാസം

ഒരു നാടിന്റെ സമഗ്ര വികസനത്തിന്റെ അടിത്തറ പാകപ്പെടുന്നത് വിദ്യാലയങ്ങളുടെ നിലവാരമുള്ള പ്രവർത്തനങ്ങളിൽക്കൂടെയാണ്. ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിത്വവികസനത്തിലൂന്നിയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ചിട്ടയായ ആസൂത്രണത്തിലൂടെ മഞ്ചവിളാകം ഗവ: യു പി സ്കൂളിൽ നടന്നു വരുന്നു. സമഗ്രവും തുല്യവുമായ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലൂടെ സമൂഹശാക്തീകരണത്തിന് വിദ്യാലയം ലക്ഷ്യമിടുന്നു.

വ്യക്തിഗത ശ്രദ്ധ നൽകുന്ന ശിശു സൗഹൃദ സ്മാർട്ട് ക്ലാസ് റൂമുകൾ, സുസജ്ജമായ ലാബുകൾ, വായിച്ചു വളരാൻ ക്ലാസ് റൂം ലൈബ്രറികൾ, ഹലോ ഇംഗ്ലീഷ്, ഇ ക്യൂബ്, ലാംഗ്വേജ് ലാബ് ഇവയിലൂടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രത്യേക ശ്രദ്ധ, സുരീലി വാണി ,സുരീലി സഭ എന്നിവയുടെ തുടർ പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷാ പഠനം സുഗമമാക്കൽ,ആരോഗ്യ കലാകായിക വിദ്യാഭ്യാസം, പഠന വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ശ്രദ്ധ, മലയാളത്തിളക്കം ക്ലാസുകൾ, സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ, ഫീൽഡുതല സന്ദർശനങ്ങൾ, ശില്പശാലകൾ എന്നിവയെല്ലാം തന്നെ മാതൃകാപരമായി നടപ്പിലാക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ മാത്രം നടപ്പിലാക്കിയ ഗുണത പഠന പരിപോഷണ പരിപാടി (ELA) യുടെ ഭാഗമായുള്ള മലയാളം, സയൻസ് പ്രോജക്ടുകൾ കുട്ടികൾക്ക് വ്യത്യസ്തമായ അനുഭവമായി.

ഗണിതപഠനത്തിൽ വേഗതയും കൃത്യതയും വർദ്ധിപ്പിക്കുന്നതിനും, ശ്രദ്ധ, ഏകാഗ്രത, ഓർമ്മശക്തി എന്നിവ മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന രീതിയിൽ വിദ്യാർത്ഥികൾക്ക് അബാക്കസ് പരിശീലന ക്ലാസുകൾ നൽകി വരുന്നു.

കുട്ടികളുടെ വ്യക്തിത്വ വികസനത്തിലും, സാമൂഹ്യ പ്രതിബദ്ധത വളർത്തിയെടുക്കുന്നതിലും വായനക്ക് വലിയ പങ്കുണ്ട്. വിദ്യാർത്ഥികളുടെ ചിന്തകളെയും, അഭിരുചികളെയും ധാർമ്മിക മൂല്യങ്ങളെയും സ്വാധീനിക്കാൻ പുസ്തകങ്ങളുടെ ലോകത്തിന് സാധിക്കും. വായനയുടെ വിസ്മയാനുഭവങ്ങളിലേക്ക് കുട്ടികളെ നയിക്കാൻ പര്യാപ്തമായ ഏഴായിരത്തിലേറെ പുസ്തകങ്ങൾ അടങ്ങിയ സ്കൂൾ ലൈബ്രറി അമൂല്യമായ ഒന്നാണ്. ലൈബ്രറി സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തിയതിലൂടെ നമ്മുടെ കുട്ടികൾക്ക് ലൈബ്രറി കൗൺസിലിന്റെ വായനാ മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും, സർഗ്ഗോത്സവത്തിൽ കഥാരചന, സാഹിത്യ ക്വിസ്, ആസ്വാദന കുറിപ്പു തയാറാക്കൽ ഉൾപ്പെടെയുള്ള മത്സരങ്ങളിൽ താലൂക്ക്തലത്തിൽ ഒന്നാം സ്ഥാനങ്ങളും നേടാൻ കഴിഞ്ഞു.

കലാകായികശാസ്ത്ര സാമൂഹ്യ ശാസ്ത്രമേളകളിലും, പ്രവൃത്തി പരിചയ മേളയിലും വിദ്യാരംഗം സബ് ജില്ലാ-ജില്ലാതല മത്സരങ്ങളിലും വിജയികളാകാനും, USS, NUMATS ഉൾപ്പെടെ വിവിധ മത്സര പരീക്ഷകളിൽ വിജയികളാകാനും നമ്മുടെ വിദ്യാർത്ഥികൾക്കു കഴിഞ്ഞു.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ മുഖ്യധാരയിലേക്കെത്തിക്കുന്ന തരത്തിൽ നടന്നു വരുന്ന ശക്തമായ പ്രവർത്തനങ്ങളിൽ രക്ഷാകർത്തൃ സമിതിയുടെ പിന്തുണ എടുത്തു പറയേണ്ടതാണ്.

അറിവാർജ്ജിക്കുന്ന പ്രക്രിയ ആനന്ദകരമാകണം. അതിനൊപ്പം അവസര തുല്യത, നീതി, സ്വാതന്ത്ര്യം, സഹജീവികളെ പരിഗണിക്കൽ, അവകാശങ്ങളെ മാനിക്കൽ എന്നിവയോട് പ്രതിബദ്ധത പുലർത്തുന്ന വ്യക്തികളായി കുട്ടികൾ മാറേണ്ടതുണ്ട്. ഇത്തരത്തിൽ ജ്ഞാന നിർമ്മിതിക്കൊപ്പം മൂല്യബോധത്തിനും പൊതുനന്മയ്ക്കും കൂടെ ഊന്നൽ നൽകുന്ന ഈ വിദ്യാലയം എന്നും നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിനൊപ്പം ഉണ്ടാകും.

**സന്തോഷ് കുമാർ എസ് വി**
എസ്.എം.സി. ചെയർമാൻ

**എം.എസ് പ്രശാന്ത്**
ഹെഡ്മാസ്റ്റർ

## പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം

## ബഹു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിച്ചു



ആഘോഷങ്ങളുടെ ഒരു പുത്തൻ ദിനം. നമ്മുടെ സ്കൂളിന് സി.കെ. ഹരീന്ദ്രൻ എം.എൽ.എ.യുടെ ഫണ്ടിൽ നിന്ന് ലഭിച്ച 50 ലക്ഷം രൂപ ഉപയോഗിച്ച് പണികഴിപ്പിച്ച പുതിയ സ്കൂൾ മന്ദിരത്തിന്റെ ഉദ്ഘാടനം. കുഞ്ഞുങ്ങൾ എല്ലാവരും വളരെ ഉത്സാഹത്തിലാണ്. സ്കൂൾ ഗേറ്റിലെ ആർച്ച് ഫ്ളെക്സ് മുതൽ തുടങ്ങുന്ന വർണാഭക്കാഴ്ച. പൂക്കളുടെ വർണവസന്തം ഒരുക്കുന്ന വിവിധ അലങ്കാര വിസ്മയങ്ങൾ തീർത്ത നടപ്പാതയിലൂടെ കടന്നെത്തുന്നത് ഓപ്പൺ ആഡിറ്റോറിയത്തിലാണ്. അവിടെയും മലയാളത്തനിമ വിളിച്ചോതുന്ന വിവിധ കാഴ്ചകൾ പൊലിമ തീർക്കുന്നു.

10 മണിക്ക് നഴ്സറി മുതലുള്ള കുട്ടികളുടെ വിവിധ കലാപരിപാടികളുടെ സ്റ്റേജ് അവതരണം തുടങ്ങി. 11 മണിക്ക് തന്നെ വിശിഷ്ടാതിഥികൾ സ്കൂൾ അങ്കണത്തിൽ എത്തിച്ചേർന്നു. മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ സാമൂഹിക നേതാക്കൾ സ്കൂളിലേക്ക് ആനയിക്കപ്പെട്ടു. വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. ശ്രീ. സി.കെ. ഹരീന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. വി.എസ്. ബിനു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. ലാൽകൃഷ്ണൻ, കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ.എസ്. നവനീത്കുമാർ, PWD അസി. എഞ്ചിനീയർ ശ്രീമതി പ്രീമി തുടങ്ങി നിരവധി പ്രമുഖ വ്യക്തികൾ യോഗത്തിൽ പങ്കെടുത്തു. പൊതുയോഗത്തിൽ കുഞ്ഞുങ്ങൾ പൂച്ചെണ്ടുകൾ നൽകി അതിഥികളെ സ്വാഗതം ചെയ്തു. പുതിയ മന്ദിരം ഉദ്ഘാടനം ചെയ്തുകൊണ്ടാണ് ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി വേദിയിലേക്ക് കടന്നുവന്നത്. അദ്ദേഹം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് സംസാരിച്ചു. ആശംസകളോടെ യോഗം അവസാനിച്ചു. തുടർന്ന് കുട്ടികളുടെ ബാക്കി കലാപരിപാടികൾ നടന്നു.

## സന്തോഷത്തിന്റെ പൂക്കുട നിറച്ച് പ്രവേശനോത്സവം

സ്കൂൾ പ്രവേശനോത്സവത്തിന്റെ ആഘോഷദിനം. അതിജീവനഘട്ടം പിന്നിട്ട് വേനലവധിയിൽ ആടിത്തിമിർത്ത് കുരുന്നുകൾ വിദ്യതേടി എത്തുന്ന സന്തോഷ ദിനം. പൊതുവിദ്യാലയങ്ങൾ വിജ്ഞാനത്തിന്റെ കളിചിരിമേളത്തിലേക്ക് വാതിൽ തുറക്കുന്ന ധന്യദിനം. പൊതുനിരത്തുകൾ വർണക്കാഴ്ചകളുടെ തിരക്കിലേക്ക്. കുഞ്ഞുങ്ങൾ കരഞ്ഞും ചിരിച്ചും സ്കൂൾ പ്രവേശന കവാടത്തിലൂടെ കടന്നുവരുന്ന കാഴ്ചകൾ വികാരനിർഭരമായ മുഹൂർത്തങ്ങൾ സമ്മാനിക്കുകയാണ്.

സംസ്ഥാനതല പ്രവേശനോത്സവം – മുഖ്യമന്ത്രിയുടെ ഉദ്ഘാടന ചടങ്ങുകൾ സ്ക്രീനിലൂടെ കുഞ്ഞുങ്ങളും രക്ഷകർത്താക്കളും അധ്യാപകരും ആകാംക്ഷയോടെ വീക്ഷിച്ചു.

ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയ കുഞ്ഞുങ്ങൾ. ചിരിച്ചും കരഞ്ഞും കുശലം പറഞ്ഞും ക്ലാസിലെ അലങ്കാരങ്ങളിൽ ലയിച്ച് പുതിയ കൂട്ടുകാരെ തൊട്ടുനോക്കി തലോടി സന്തോഷം പങ്കിടുന്നവർ വേറെ. 10 മണിക്കുതന്നെ സ്കൂൾതല പ്രവേശനോത്സവത്തിന് തിരി തെളിഞ്ഞു. താലത്തിൽ പൂക്കൾ നിറച്ച് പൂമാല കോർത്ത് നിറദീപവുമായി കിരീടധാരികളായി ഒന്നാം ക്ലാസിലെ കുഞ്ഞുങ്ങൾ വേദിയിൽ ആഗതരായി. മറ്റു കുഞ്ഞുങ്ങൾ ക്ലാസുകളിലും.



വേദിയിൽ മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി സന്ധ്യ ടീച്ചർ, പഞ്ചായത്തിലെ പ്രതിനിധികൾ, ബി.ആർ.സി. ട്രെയിനർ ശ്രീമതി സന്ധ്യ, എസ്.എം.സി. ചെയർമാൻ മുതലായ വിശിഷ്ട വ്യക്തികൾ സന്നിഹിതരായിരുന്നു. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. നവനീത് കുമാർ ഭദ്രദീപം തെളിയിച്ച് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. മറ്റു പ്രമുഖരും അധ്യാപകരും കുട്ടികൾക്ക് ആശംസകൾ നേർന്നു. ഉത്സവ പ്രതീതി ഉണർത്തുന്ന സ്കൂൾ അന്തരീക്ഷം. അക്ഷരവൃക്ഷം വർണ്ണപൊലിമ വിതറി. 'അ' അക്ഷരരൂപം പുഷ്പവൃഷ്ടിയിൽ മൂടി. സ്വാഗതം മൊഴിഞ്ഞ കാർട്ടൂൺ താരങ്ങൾ, അക്ഷര ബോർഡ്, ബലൂണുകളുടെ മനോഹാരിത, ആർച്ച് എല്ലാം നമ്മുടെ സ്കൂളിന്റെ മഴവിൽ പ്രഭയാൽ അലങ്കൃതമായി.

## വേഷപ്പകർച്ചയുടെ വർണ്ണോത്സവം ശിശുദിനം 2022





നവംബർ 14 നമ്മുടെ ചാച്ചാജിയുടെ ജന്മദിനം. ഈ ദിനത്തിൽ വളരെ നല്ല ആഘോഷ പരിപാടികളാണ് നമ്മുടെ സ്കൂളിൽ നടന്നത്. പ്രസംഗ മത്സത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ശ്രേയന്ത് ആർ. ഷിജു (6 ബി) കുട്ടികളുടെ പ്രധാനമന്ത്രിയും ശിവപ്രിയ (7 എ) കുട്ടികളുടെ ഉപപ്രധാനമന്ത്രിയുമായി. ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രച്ഛന്നവേഷ മത്സരങ്ങൾ പ്രീ-പ്രൈമറി, എൽ.പി., യു.പി. വിഭാഗങ്ങളിലായി 14-11-2023 തിങ്കൾ ഉച്ചയ്ക്ക് 1.30 ന് നടത്തി. പ്രച്ഛന്നവേഷധാരികളായ കുട്ടികൾ റാലിക്ക് പുത്തൻ ഉണർവ് നൽകി. തെയ്യം, രാമാനുജൻ, എഴുത്തച്ഛൻ, ഉണ്ണിയാർച്ച, ഭഗത്സിംഗ്, ശ്രീകൃഷ്ണൻ, രാധ, യേശുക്രിസ്തു തുടങ്ങിയ വിവിധങ്ങളായ വേഷങ്ങളിൽ നഴ്സറി മുതലുള്ള കുട്ടികൾ മത്സരിച്ചു.

ഇതുകൂടാതെ വെള്ള ഫ്രോക്ക്, പൂക്കൂട, ചുവന്ന വസ്ത്രം, ഗോൾഡൻ റിംഗ്, കളരിപ്പയറ്റ്, ഡ്രംസ്, ബ്ലാക്ക് & വൈറ്റ് ഡ്രസ്സ് - ആൺകുട്ടികൾ, കോൽക്കളി, സ്കൗട്ട് & ഗൈഡ്സ് തുടങ്ങി മനോഹരമായ ഇനങ്ങൾ റാലിയിൽ അണിനിരന്നത് കാഴ്ചക്കാർക്ക് കൗതുകമായി. നൂറുകണക്കിന് കുഞ്ഞുങ്ങളും രക്ഷിതാക്കളും അധ്യാപകരും റാലിയിൽ പങ്കെടുത്തു.



ശ്രെയന്ത് ആർ ഷിജു, 6 ബി
കുട്ടികളുടെ പ്രധാനമന്ത്രി



ശിവപ്രിയ എസ്., 7 എ
കുട്ടികളുടെ ഉപപ്രധാനമന്ത്രി

## USS വിജയികൾ 2022



പ്രണവ് പി. റെജി



മകയിര ജെ.എം.

കഥ

# ഉണ്ണിയും കാക്കയും

Pranav S.V, IV B

ഒരിടത്ത് ഉണ്ണി എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ രാവിലെ ആഹാരം കഴിക്കുകയായിരുന്നു. അപ്പോൾ ഒരു കാക്ക വീടിന്റെ മുൻപിൽ വന്നിരുന്നു. അവൻ കുറച്ച് ആഹാരം കാക്കയ്ക്ക് കൊടുത്തു. എല്ലാ ദിവസവും ഇത് പതിവായി. ഒരു ദിവസം ഉണ്ണി സ്കൂളിൽ നിന്ന് വീട്ടിലേക്ക് വരികയായിരുന്നു. ഒരു നായ കുരച്ചുകൊണ്ട് ഉണ്ണിയുടെ പിറകേ ഓടി. ഉണ്ണിയുടെ നിലവിളി മരത്തിലിരുന്ന കാക്ക കേട്ടു. കാക്ക തന്റെ കൂട്ടുകാരായ കാക്കകളെ വിളിച്ചു. എല്ലാ കാക്കകളും ചേർന്ന് ആ നായയെ കൊത്തി ഓടിച്ചു. ഉണ്ണി വീട്ടിലെത്തി അവന്റെ അമ്മയോട് കാര്യം പറഞ്ഞു. അമ്മ പറഞ്ഞു, "ആരും നിസാരക്കാരല്ല. നാം അവരെ സഹായിച്ചാൽ അവർ നമ്മെ തിരിച്ചും സഹായിക്കും."

ഗുണപാഠം : സ്നേഹമാണ് വലുത്

# Rain

Ann Liya, III A

Rain rain heavenly water...
I wonder when you falls
If you are missing our long,
Our heart will break
Plants will fade away
Animals strive for water...But
When clouds see them, they weep
Whenever you comes to the earth...
All living things will chill with joy
Plants dance with happiness....
Animals and birds sing with pleasure
Truly you are a lifesaver.
We love you so much.

# കുട്ടുവിന്റെ അഹങ്കാരം

Sandra S.S, IV A

അപ്പുവും കുട്ടുവും അയൽക്കാരായിരുന്നു. അവർ എന്നും ഒരുമിച്ചാണ് സ്കൂളിൽ പോകുന്നത്. അപ്പു അനുസരണയുള്ളവനും കുട്ടു അഹങ്കാരിയുമായിരുന്നു. രണ്ടുപേരും സ്കൂളിൽ സൈക്കിളിലായിരുന്നു പോയിരുന്നത്. അഭ്യാസങ്ങൾ കാട്ടി പോകാറുള്ള കുട്ടുവിനെ അപ്പു എന്നും ഉപദേശിക്കുമായിരുന്നു. അധ്യാപകരും മാതാപിതാക്കളും കുട്ടുവിനെക്കൊണ്ട് പൊറുതിമുട്ടി. കുട്ടുവിന്റെ അമ്മ എല്ലാദിവസവും റോഡിന്റെ സൈഡിലൂടെ ഒതുങ്ങി പോകാൻ പറഞ്ഞുവിടുന്നത് അവൻ ശ്രദ്ധിക്കാറേയില്ല. ഒരു ദിവസം അവൻ അപ്പുവിനോട് ചോദിച്ചു. "അപ്പൂ നമുക്കിന്ന് സ്കൂളിൽ പോകാതെ കുറച്ചുദൂരെ സൈക്കിൾ ചവിട്ടി പോയാലോ?"

"അയ്യോ..വേണ്ട കുട്ടൂ... അമ്മ പറഞ്ഞിട്ടില്ലേ ദൂരെയെങ്ങും പോകരുതെന്ന്..."

"നീയൊരു പേടിത്തൊണ്ടനാ... ഞാൻ പോകുന്നു..."

"കുട്ടൂ പോകല്ലേ.." അപ്പു പറഞ്ഞതു കേൾക്കാതെ അവൻ പാട്ടും പാടി വേഗത്തിൽ കുതിച്ചു. കാറ്റിനെ തിരെ വണ്ടി ഓടിക്കാൻ എന്തു രസം. ഹായ്...ഹായ്..

പെട്ടെന്ന് ഒരു വെളിച്ചം കണ്ണിൽ പതിച്ചു.

"അയ്യോ...അമ്മേ..."

ബോധം വീണപ്പോൾ ആശുപത്രിയിൽ. തന്റെ നെറ്റിയിൽ മൃദുവായി തലോടിക്കൊണ്ട് നിറകണ്ണുകളോടെ അമ്മ ഇരിപ്പുണ്ടായിരുന്നു. അവന്റെ കണ്ണുകളും നിറഞ്ഞൊഴുകി..

"അമ്മേ.. മാപ്പ്.."

"സാരമില്ല മോനേ...ഇനി അനുസരണക്കേട് കാട്ടരുത് കേട്ടോ" അമ്മ പറഞ്ഞു.

"ഇല്ലമ്മേ...ഇനി ഒരിക്കലും ഞാൻ അങ്ങനെ ചെയ്യില്ല..."

പിന്നീടൊരിക്കലും കുട്ടു അഹങ്കാരം കാണിച്ചിട്ടേയില്ല. അപ്പുവിനും സന്തോഷമായി. അവർ രണ്ടുപേരും മാതാപിതാക്കളുടെയും അധ്യാപകരുടെയും കണ്ണിലുണ്ണികളായി വളർന്നു.

ഗുണപാഠം: അഹങ്കാരം ആപത്ത്



# മഴവില്ല്

Soorya Gayathri S.N. V B

മഴവില്ലേ, മഴവില്ലേ
വാനിലുദിക്കും മഴവില്ലേ
ഏഴു നിറത്തിൽ
വർണ്ണച്ചിറകുകൾ
വാനിലുയർത്തിയ മഴവില്ലേ
കാണാനെന്തൊരു രസമല്ലേ
മായുമ്പോൾ കരൾ നോവില്ലേ?
മഴവില്ലേ, മഴവില്ലേ,
മായരുതേയെൻ മഴവില്ലേ...

# KITTEN

Ashibha B S, IB

Kitten Kitten Brown Kitten
Kitten Kitten Cute Kitten
Sitting on a mat
Playing with a ball

# മലമുകളിൽ

Sivanarayan K.R, III B

മലമുകളിൽ കയറാനിഷ്ടം
അവിടുന്ന് മുകളിൽ കാണാനിഷ്ടം
മാനം ചുവന്നാൽ കാടുകറുത്താൽ
പാറക്കല്ലിൽ കിടക്കാനിഷ്ടം
മുകളീന്നു കാണുന്ന
പച്ചപ്പെനിക്കിഷ്ടം
മാനത്ത് നിരയായ് പറക്കുന്ന
കിളികളെ കാണാനിഷ്ടം
താഴെയ്ക്കു താഴെ
കുനുകുനെ കാണും വീടുകൾ
കണ്ടങ്ങിരിക്കാനിഷ്ടം.



# കൊമ്പനാന

Sivani, II B

ആന വരുന്നേ ആന വരുന്നേ
കൊമ്പ് കുലുക്കി ആന വരുന്നേ
തുമ്പിക്കൈയും നീട്ടിക്കൊണ്ട്
വമ്പനായി വരുന്നുണ്ടേ
ഉത്സവമേളം കാണാനും
പൊന്നു തിടമ്പേറ്റാനും
വരവായി വരവായി
കൊമ്പനാന വരവായി.

# രാമുവിന്റെ മാറ്റം

Aarush, II A

ഒരിടത്ത് രാമു എന്നു പേരുള്ള ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അറു പിശുക്കനായ അയാൾക്ക് പട്ടിണി കിടക്കാൻ പോലും മടിയായിരുന്നു. ധനത്തിനോട് ആർത്തിയുള്ള അയാളെ എല്ലാവരും വെറുത്തിരുന്നു. ആർക്കും ഒരു സഹായവും ചെയ്തിട്ടില്ലാത്ത അയാൾ ഒറ്റയ്ക്കാണ് താമസം. ഒരു ദിവസം രാമുവിന് കലശലായ പനി വന്നു. എണീക്കാൻ പോലുമാകാതെ 3 ദിവസം കഴിഞ്ഞു. അൽപ്പം ജലം കിട്ടിയിരുന്നെങ്കിൽ എന്ന് അയാൾ ആഗ്രഹിച്ചു. പെട്ടെന്ന് വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. അയാൾക്ക് ആശ്വാസം തോന്നി. കതക് പൊളിച്ച് അകത്തേക്ക് വരൂ. എനിക്ക് തീരെ വയ്യ. ഇത് കേൾക്കാത്ത താമസം അയാൾ കതക് തല്ലി തകർത്ത് അകത്തേക്ക് വന്നു. രാമു എന്നും ഓടിച്ചുവിടാറുള്ള ഭിക്ഷക്കാരനായിരുന്നു അത്. അയാൾ വേഗം വെള്ളം കൊടുത്തു. മുഷിഞ്ഞ കീശയിൽ നിന്നും കൊടുത്ത ബിസ്കറ്റുകൾ രാമു ആർത്തിയോടെ കഴിച്ചു. രാമു അയാൾക്ക് നന്ദി പറഞ്ഞു. അന്നു മുതൽ രാമു എല്ലാവരെയും സഹായിക്കാൻ തുടങ്ങി.

# വായനാനുഭവം

Mayoora J M, VI B


എന്റെ അനുഭവത്തിൽ ഞാൻ കഥകളും കവിതയും യാത്രാവിവരണങ്ങളും നോവലും അടക്കം 75 പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ഇതിലെ ഓരോ കഥകൾക്കും വ്യക്തമായ ഓരോ സന്ദേശങ്ങളുണ്ട്. ചില കഥകളിൽ കഥാപാത്രങ്ങൾ ജീവിക്കുകയാണ് ചെയ്യുന്നത്. ചില കഥകൾ മനസ്സിൽ നിന്ന് ഒരിക്കലും മായുകയില്ല. ഉദാഹരണത്തിന് അറിവിന്നറിവുകൾ, സ്വർണ്ണമഴ – ഇതിലെ കഥാപാത്രങ്ങളായ പാര്യാപ്പാപ്പൻ, സ്കൂളിലെ കുട്ടികൾ, കാളിദാസൻ. ഓരോ കഥകൾ വായിക്കുമ്പോഴും പുതിയ പുതിയ അറിവ് കിട്ടുന്നു. ഡോ. അബ്ദുൾ കലാം പറഞ്ഞതുപോലെ "സ്വപ്നം കാണുക മാത്രമല്ല, സ്വപ്നങ്ങൾക്ക് ചിറകുകൾ കൂടി വച്ച് പിടിപ്പിക്കുക." അതുപോലെ എന്റെ വായന സ്വപ്നങ്ങൾക്ക് ചിറക് വച്ച് പിടിപ്പിക്കും. എന്റെ അനുഭവത്തിൽ ഓരോ മനുഷ്യനിലും ഓരോ കഥയുണ്ട്. ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളിലും കഥകൾ ഒളിഞ്ഞിരിപ്പുണ്ട്. അതിനെ എഴുതി പ്രതിഫലിപ്പിക്കുന്നതാണ് ഒരു കഥാകൃത്തിന്റെ കഴിവ്.

# സ്നേഹം

Daya S. Krishna, III A

ഒരിടത്ത് പാവപ്പെട്ട മുത്തശ്ശിയും മുത്തശ്ശനും ഉണ്ടായിരുന്നു. അവർക്ക് മക്കളില്ലായിരുന്നു. പകൽ മുഴുവൻ ഭിക്ഷ യാചിച്ച് രാത്രിയിൽ ഏതെങ്കിലും മരച്ചുവട്ടിൽ കിടന്നുറങ്ങും. ഒരു ദിവസം ശക്തിയായ കാറ്റിലും മഴയിലും മുത്തശ്ശി വിറയ്ക്കാൻ തുടങ്ങി. മുത്തശ്ശൻ അടുത്ത് കണ്ട വീട്ടിലേക്ക് ഓടിപ്പോയി ഒരു പുതപ്പ് ചോദിച്ചു. വീട്ടുടമസ്ഥൻ ഓടിച്ചുവിട്ടു. സങ്കടത്തോടെ മരച്ചുവട്ടിലിരിക്കുമ്പോൾ ഒരു ശബ്ദം കേട്ടു അവർ തിരിഞ്ഞുനോക്കി. നേരത്തെ കണ്ട വീട്ടിൽ മോഷണത്തിനെത്തിയ കള്ളന്മാരായിരുന്നു അത്. പോയിട്ട് ഒരു മണിക്കൂർ കഴിഞ്ഞുവരാം. എല്ലാവരും ഉറങ്ങട്ടെ... കള്ളന്മാർ പറഞ്ഞത് മുത്തശ്ശൻ കേട്ടു. മുത്തശ്ശൻ അയാളുടെ വീട്ടിലേക്കോടി വിവരം പറഞ്ഞു. അയാൾ ഉറങ്ങാതിരുന്ന് കള്ളന്മാരെ പിടികൂടി പോലീസിൽ ഏല്പിച്ചു. അയാൾക്ക് ആ വൃദ്ധരോട് ദയ തോന്നി. മുത്തശ്ശനെയും മുത്തശ്ശിയേയും അയാളുടെ കൂടെ വീട്ടിൽ താമസിപ്പിച്ചു. അവർക്ക് സന്തോഷമായി.

ഗുണപാഠം: എല്ലാവരോടും സ്നേഹത്തോടെ പെരുമാറണം.



# തത്തപ്പാട്ട്

Jinsha S, I A

വെള്ളാരം കുന്നിൽ ഒരു തത്തയുണ്ട്
മന്ദാരക്കാട്ടിലെ സുന്ദരിത്തത്ത
ഭക്ഷണം തേടി പോയപ്പോൾ
കുഞ്ഞുങ്ങൾക്ക് പേടിയായി
അപ്പോൾ തത്തമ്മ തിരിച്ചുവന്നു
കുഞ്ഞുങ്ങളുടെ കൂട്ടിൽപോയി
ഭക്ഷണം കഴിച്ചുവന്നപ്പോൾ നേരം വൈകി
രാത്രിയായപ്പോൾ അവർക്ക് തണുത്തു
തത്തമ്മ ചിറകിലൊളിപ്പിച്ചു.
തണുപ്പ്മാറ്റി!




# പൂമ്പാറ്റ

Vedhasree, II B

പാറിനടക്കും പൂമ്പാറ്റേ
പല നിറമുള്ളൊരു പൂമ്പാറ്റേ
പൂവിൽ മയങ്ങും പൂമ്പാറ്റേ
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റേ
എന്തൊരു ചന്തം പൂമ്പാറ്റേ.

# बारिश की बूँदें

आरती ए.एस., छह ए



रंगहीन हीर आसमान से गिरते हैं,
हीर बादलों से गिरते हैं।
वर्षा की बूँदें पृथ्वी पर
अकाल मिटाने आती हैं।
वर्षा जीवन को सुखमय बनाती है,
प्रकृति की जान बचाने बिजली आती है।
साथ बारिश आती है।
बारिश जान बचाने आती है ।
वर्षा एक अत्भुत एवं अनोखा है।

# Flower

Adhisankaran V, II A

What a beautiful flower
The flower that I draw
The Blue coloured flower
Five petals in that flower
A big Smiling flower

# Friendship Never Ends

Sara Faith A, VB

Friendship is a priceless gift
Friendship is full of magic
Friendship is purest love
Friendship is the way of our life
Friendship never ends
No matter what happens to us
Life is better with true friends
True Friendship never ends.

# മിന്നാമിന്നി

Srayanth R. Shiju, VI B

നാടിനു വെട്ടം വീടിനു വെട്ടം
മിന്നാമിന്നി പറക്കുന്നു.
കാടിനു മീതെ, വീടിനു മീതെ
മിന്നാമിന്നി പറക്കുന്നു.
ബൾബും ടോർച്ചും കണ്ടുപിടിക്കും-
മുന്നെയുള്ളൊരു തൂവെട്ടം
മിന്നാമിന്നീ നിന്നുടെ വെട്ടം
നോക്കിയിരിക്കാൻ എന്തു രസം!

# तारीख का चाँद

अनुश्री वी.ए, सात बी

एक जगह तारीख नामक एक लडका रहता था। अपने कमरे की खिड़कियों से रात के समय चाँद को देखना ही उसका शौक था।

एक दिन उसने अपने घर के सामने जो आम का पेड था उसमें एक चाँद बनाकर ढाँग दी। कागज़ से बने इस चाँद को देखकर असली चाँद को गुस्सा आया और उसने हवा से शिकायत की।

हवा: "क्या हुआ?"

चाँद: "वहाँ देखो। उस पेड पर और एक चाँद। इस आसमान में मैं ही काफी हूँ उसे यहाँ से भगा दो।"

हवा ने जल्दी ही कागज़ से बने चाँद को उठाकर आसमान में ले गया। चाँद को ओर भी गुस्सा आया। भोर-विभोर होकर उसने कहा:- उसे यहाँ क्यों लाया? कागज़ के चाँद को शामको और असली चाँद को रात में आने को हवा कहा और दोनों खुश हुए। इसलिए शामको हम जो चाँद देखते है, वह कुछ कम शोभित एवं फीका पडता है।



Anamika A.S, III B

# പൂവിളിയും കൈകൊട്ടിക്കളിയും



02-09-2022 വെള്ളിയാഴ്ച രാവിലെ മുതൽ ഓണാഘോഷ പരിപാടികളുടെ ഒരുക്കങ്ങളാണ്. സ്കൂളിലേക്ക് വരുന്ന കുട്ടികളെ ആനയിക്കാനായി സ്കൂൾ ഗേറ്റിൽ മഹാബലിയും വാമനനും കൂടെ മലയാളി മങ്കമാരും. തൊട്ടുമുകളിലായി സ്കൂൾ അങ്കണത്തിൽ മനോഹരമായ അത്തപ്പൂക്കളം തയ്യാറാക്കിയിരിക്കുന്നു. എവിടെ നോക്കിയാലും ഓണാഘോഷത്തിന്റെ തിരക്ക്. അധ്യാപകരും കുട്ടികളും ഓടിനടക്കുന്ന കാഴ്ചകൾ. ഓണക്കാഴ്ചകളുടെ പൊടിപൂരം.

ഓണത്തപ്പനെ വരവേൽക്കാനായി പൊന്നിൻ കസവണിഞ്ഞ ഓണപ്പുടവയണിഞ്ഞും കസവുമുണ്ടുടുത്തും കുഞ്ഞുമക്കൾ മുതൽ മുതിർന്ന കുട്ടികളെ വരെ കാണാം. എങ്ങും ഓണച്ചന്തം. അടുക്കളയിൽ അധ്യാപകരുടെയും പി.റ്റി.എ. ഭാരവാഹികളുടെയും സദ്യയൊരുക്കൽ തകൃതിയിൽ നടക്കുന്നു.

10.30 ന് വിദ്യാലയമുറ്റം തിരുവാതിര അവതരണത്തിനായുള്ള വേദിയായി. തിരുവാതിര രാവ്... ഗാനത്തിന് താളംപിടിച്ച് നഴ്സറി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾ അണിനിരന്നു. കുട്ടികൾ സന്തോഷനിർവൃതിയിൽ ചുവടുവച്ചു. 11.30 ന് തൂശനിലയിട്ട് തുമ്പപ്പൂ ചോറിട്ട് പരിപ്പ്, പപ്പടം, പായസം വിളമ്പി. സദ്യയുടെ രുചിക്കൂട്ടുകൾ. കുട്ടികൾ സന്തോഷത്തോടെ സദ്യയുണ്ടു. വിഭവങ്ങൾ കെങ്കേമം.

അടുത്തപടി കൊട്ടിക്കലാശം. മനോഹരമായ ചടുലതാളങ്ങൾക്ക് അകമ്പടിയായി കുട്ടികൾ വേദിയിൽ തകർത്താടി. എല്ലാവർക്കും ഓണത്തിന്റെ ആഘോഷം. കൊട്ടിക്കലാശത്തോടെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

# ജിംഗിൾ & മിംഗിൾ

## ആഘോഷങ്ങൾ മീരയോടൊപ്പം



ശാരീരിക വൈകല്യം മൂലം സ്കൂളിൽ വരാൻ സാധിക്കാതെ വീട്ടിലിരുന്ന് പഠിക്കുന്ന ആറാം ക്ലാസുകാരി മീരയുടെ വീട്ടിൽ ഈ ഓണം ആഘോഷിച്ചു. ജനപ്രതിനിധികൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ (കൂട്ടുകാർ), അധ്യാപകർ, എസ്.എസ്.കെ. പ്രവർത്തകർ തുടങ്ങിയവർ ഇതിൽ പങ്കെടുത്തു. ക്ലാസ് അധ്യാപിക ശ്രീമതി ഷീജ, ഹെഡ്മാസ്റ്റർ ശ്രീ. പ്രശാന്ത്, മറ്റ് അധ്യാപകർ എന്നിവർ ആശംസകൾ നേർന്നു. അത്തപ്പൂക്കളമിട്ടു. മഹാബലിയും വാമനനുമായി എത്തിയ കൂട്ടുകാർ വിവിധ പരിപാടികൾ അവതരിപ്പിച്ചു. മീര പരിപാടികൾ കണ്ടിരുന്നതേയുള്ളൂ.

ക്രിസ്തുമസ് ആഘോഷത്തിലും നമ്മുടെ കൂട്ടുകാർ മീരയെ തേടിയെത്തി. ക്രിസ്തുമസ് ട്രീയും ക്രിസ്തുമസ് അപ്പൂപ്പനുമായി എത്തിയ കൂട്ടുകാർ വിവിധ പരിപാടികൾ അവതരിപ്പിച്ചു. കേക്ക് മുറിച്ചും ഗിഫ്റ്റ് നൽകിയും മീരയ്ക്കൊപ്പം ചേർന്നു.

എന്നാൽ നമ്മുടെ മീര ക്രിസ്തുമസ് വരെ കാത്തുനിൽക്കാതെ ഡിസംബർ 24 ന് നമ്മെ വിട്ടുപോയി.

ഡിസംബറിന്റെ മനോഹാരിത മഞ്ഞിന്റെ കുളിരും ആകാശത്ത് തിളങ്ങുന്ന നക്ഷത്രങ്ങളുടെ മിന്നിത്തെന്നലുമാണ്. ഈ ലോകത്ത് മനുഷ്യനായി പിറന്നു വീണ ക്രിസ്തുദേവന്റെ പിറന്നാൾ ആഘോഷിക്കുന്ന ഈ മനോഹര നാളുകളിൽ ആകാശവും ഭൂമിയും നോക്കി പുഞ്ചിരിക്കുന്ന നമ്മുടെ കുഞ്ഞുമക്കൾക്ക് ഡിസംബർ 23 സ്കൂളിലും ആഘോഷവേദിയൊരുക്കി. സ്കൂളിലേക്ക് കയറിവരുന്ന ഗേറ്റിനോട് ചേർന്ന അങ്കണത്ത് പല വർണങ്ങളും ബലൂണുകളും വാരി വിതറിക്കൊണ്ട് മനോഹരമായ ക്രിസ്തുമസ് ട്രീ ചുവപ്പും വെള്ളയും തൊപ്പിയണിഞ്ഞ കുഞ്ഞുങ്ങളെ സ്വാഗതം ചെയ്തു. ക്ലാസ് മുറികൾ, നക്ഷത്രങ്ങൾ, വർണക്കടലാസുകൾ, പുൽക്കൂട് ഇവയാൽ ക്രിസ്തുദേവന്റെ പിറന്നാൾ ആഘോഷങ്ങൾ എവിടെയും പൊടിപൂരം. എല്ലാവരെയും ഒന്നിനൊന്ന് മെച്ചപ്പെടുത്താനായുള്ള നെട്ടോട്ടം. വിവിധ ക്രിസ്തുമസ് പരിപാടികൾ, സമ്മാനം നൽകൽ, ക്രിസ്തുമസ് ഫ്രണ്ടിനെ കണ്ടെത്തൽ, കരോളിന്റെ പാട്ടിനൊപ്പം താളം പിടിക്കുന്ന കൂട്ടുകാർ താളവാദ്യങ്ങൾ, ക്ലാസുകളിൽ കേക്ക് വിതരണം ചെയ്യുന്ന അധ്യാപകർ. കുഞ്ഞുങ്ങൾ ചായയും കുടിച്ച് ആഡിറ്റോറിയത്തിലെ പൊതുപരിപാടിയിൽ പങ്കുചേർന്നു. 10.30 ന് തന്നെ വിശിഷ്ടാതിഥിയായ ഉണ്ടൻകോട് സെന്റ് ജോൺസ് എച്ച്.എസ്.എസിലെ ശ്രീമതി അൽഫോൺസാ ജോയ് എത്തിയതോടെ പൊതുയോഗം ആരംഭിച്ചു. ക്രിസ്തുമസ് വിശേഷങ്ങളും കഥകളും ടീച്ചർ കുട്ടികളുമായി പങ്കുവച്ചു. മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി സന്ധ്യ, ഹെഡ്മാസ്റ്റർ ശ്രീ. പ്രശാന്ത് എന്നിവർ കുട്ടികൾക്ക് ക്രിസ്തുമസ് ആശംസകൾ നേർന്നു. ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു ക്രിസ്തുമസാണ് ഈ കൊല്ലം ആഘോഷിക്കുന്നതെന്ന് പ്രശാന്ത് സാർ കൂട്ടിച്ചേർത്തു. ക്രിസ്തുവിന്റെ ഓർമ പുതുക്കുന്ന ദൃശ്യാവിഷ്കാരം, നൃത്താവിഷ്കാരം തുടങ്ങി വിവിധ കലാപരിപാടികൾ വേദിയിൽ നിറംചാർത്തി.

പരിപാടികൾക്ക് സമാപനമായി. കുട്ടികൾ കരോൾ ഗാനങ്ങൾക്കൊപ്പം ചുവടുവച്ച് സന്തോഷം പങ്കുവച്ചു.

# വായനച്ചങ്ങാത്തം

## വായന പരിപോഷണ പരിപാടി



വായനാ ചങ്ങാത്തത്തിന്റെ ഭാഗമായി കുട്ടികളും രക്ഷിതാക്കളും തയ്യാറാക്കിയ കയ്യെഴുത്തു മാസികകൾ കവി ശ്രീ. ഹരി ചാരുത പ്രകാശനം ചെയ്യുന്നു.

വായന, ലേഖനം ഇവ കുട്ടികളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒന്നുമുതൽ നാലുവരെയുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി നടത്തിയ വായനാ പരിപോഷണ പരിപാടിയാണ് വായനച്ചങ്ങാത്തം. ഇതിന്റെ ഭാഗമായി രക്ഷിതാക്കളെയും കുട്ടികളെയും ഒരുമിച്ചുകൊണ്ട് ഒരു CPTA നടത്തി. ഇതിന്റെ ലക്ഷ്യങ്ങൾ ഓരോ ക്ലാസിലെയും അധ്യാപകരുടെ നേതൃത്വത്തിൽ വിശദമാക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഓരോ ഘട്ടങ്ങളിലായി വായനക്കാർഡ്, ലൈബ്രറി പുസ്തകങ്ങൾ ഇവ വായിച്ച് രക്ഷിതാവും കുട്ടിയും തയ്യാറാക്കിയ വിവിധ ഭാഷാ വ്യവഹാര രൂപങ്ങളാണ് സൃഷ്ടികളായി രൂപപ്പെട്ടത്. ഇതിൽ നിന്നും രക്ഷിതാവിന്റെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് 'മനതാരിൽ മക്കളോടൊപ്പം' എന്ന പേരിൽ ഒരു പുസ്തകവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി 'അകതാരിൽ അമ്മയോടൊപ്പം' എന്ന പേരിൽ കുട്ടികളുടെ പുസ്തകവും തയ്യാറായി.

പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തോടെ വേദിയുണർന്നു. കുട്ടികളും രക്ഷിതാക്കളും തയ്യാറാക്കിയ പുസ്തകങ്ങളുടെ പ്രകാശനവും മികച്ച രചനകൾ കാഴ്ചവച്ച രക്ഷിതാക്കളായ അനിൽകുമാർ, ശാന്തി എന്നിവരെ ആദരിക്കലും നടന്നു. കവിയും കാർട്ടൂണിസ്റ്റുമായ ശ്രീ ഹരി ചാരുത പരിപാടി ഉദ്ഘാടനം ചെയ്ത്, വൈവിധ്യമാർന്ന കവിതകളിലൂടെ കുട്ടികളിൽ ഒരു കുട്ടിയായി മാറിക്കൊണ്ട് ഉത്സവപ്രതീതി തീർത്തു. ശിശുദിനവുമായി ബന്ധപ്പെട്ട സമ്മാനങ്ങളും വിതരണം ചെയ്തു.

# ഡോക്ടർമാരെ ആദരിച്ചു



കൊല്ലയിൽ എഫ്.എച്ച്.സി.യിലെ ഡോക്ടർമാരോടൊപ്പം വിദ്യാർത്ഥികൾ

ഡോക്ടേഴ്സ് ദിനത്തിൽ നമ്മുടെ കുഞ്ഞുങ്ങളും അധ്യാപകരും ഗണിതശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ കൊല്ലയിൽ എഫ്.എച്ച്.സി.യിലെ ഡോക്ടർമാരായ ഡോ. അനുരാധ എ., ഡോ. അഞ്ജന എസ്., ഡോ. അച്ചു എസ്. നായർ എന്നിവരെ ആദരിച്ചു. ഹെഡ്മിസ്ട്രസ്സ്-ഇൻ-ചാർജ്ജ് ശ്രീമതി ഫ്ളോറി ടീച്ചർ, എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ്കുമാർ, അധ്യാപകരായ ശ്രീമതി സുമ, ശ്രീ. പ്രകാശ് എന്നിവരും മാത്സ് ക്ലബ്ബ് അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. പ്രത്യേകം തയ്യാറാക്കിയ പൂച്ചെണ്ടുകളും ശ്രേയന്ത് എഴുതി തയ്യാറാക്കിയ 'ജീവൽ സ്പർശം' കവിതയും സമ്മാനിച്ചു. ജീവൽ സ്പർശം കവിത ശ്രേയന്ത് ആർ. ഷിജു ആലപിച്ചു. രോഗികളെ കൂടെപ്പിറപ്പുകളായി കണ്ട് രാപകൽ ജീവൻ സംരക്ഷണവുമായി പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് ശ്രീമതി ഫ്ളോറി ടീച്ചർ, എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ്കുമാർ എന്നിവർ ആശംസകൾ നേർന്നു. കേക്ക് മുറിച്ച് കുട്ടികളോടൊപ്പം അവർ ഈ സ്പെഷ്യൽ ദിനം ആഘോഷിച്ചു.

# ലഹരിക്കെതിരെ മഞ്ചവിളാകം



വിദ്യാർത്ഥികൾക്ക് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ലാൽകൃഷ്ണ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.



ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിനായി കേരള പോലീസ് അസോസിയേഷൻ അവതരിപ്പിച്ച നാടകം

മനുഷ്യച്ചങ്ങല തീർത്ത് പ്രതിജ്ഞ ചൊല്ലിയും ലഹരിവിരുദ്ധ സന്ദേശംസമൂഹത്തിലെത്തിക്കുന്ന നാടകം അവതരിപ്പിച്ചും ലഹരിവിരുദ്ധദിനം സാർത്ഥകമാക്കാൻ വിദ്യാലയത്തിനു കഴിഞ്ഞു. VIB യിലെ ശിവദാകൃഷ്ണ അവതരിപ്പിച്ച ലഹരിവിരുദ്ധ ഓട്ടൻതുള്ളലും പ്രേക്ഷകരുടെ ഹൃദയം കവർന്നു. ഈ ദിനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ അസംബ്ലി കൂടുകയും സോഷ്യൽ സയൻസ് കൺവീനർ അഭിനവ് പി. റെജി പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുകയും ചെയ്തു. മാരായമുട്ടം പോലീസിന്റെ നേതൃത്വത്തിൽ ഒരു ബോധവത്ക്കരണ ക്ലാസ് നടത്തി.

ലഹരി വിരുദ്ധ ബോധവത്ക്കരണം കുട്ടികളിൽ എത്തിക്കുന്നതിനായി 24-06-2022 വെള്ളിയാഴ്ച പോസ്റ്റർ രചന നടത്തി. എല്ലാ ക്ലാസിലെ കുട്ടികളും ഇതിൽ പങ്കാളികളായി. ഈ പ്രവർത്തനത്തിലൂടെ വ്യത്യസ്തമായ ആശയങ്ങൾ രൂപപ്പെട്ടു. തുടർന്ന് കുട്ടികൾ തയ്യാറാക്കിക്കൊണ്ടുവന്ന പ്ലക്കാർഡുമായി സ്കൂളിൽ നിന്നും മഞ്ചവിളാകം ജംഗ്ഷൻ വരെ മുദ്രാവാക്യങ്ങൾ മുഴക്കി കുട്ടികൾ റാലിയായി കടന്നുപോയി. പൊതുസമൂഹത്തെ ബോധവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ റാലി വിജയകരമായി. 27-06-2022 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം എൽ.പി./യു.പി. വിഭാഗങ്ങളിലായി ലഹരിവിരുദ്ധ ഗാനമത്സരം നടത്തി. നാടിനെ കവരുന്ന ലഹരിയുടെ മഹാവിപത്തിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങളെയും അതിലൂടെ നമ്മുടെ സമൂഹത്തെയും രക്ഷിക്കാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധിക്കും.

# സ്പോർട്സ്



ഈ വർഷത്തെ സ്പോർട്സ് മീറ്റ് രണ്ട് ഘട്ടങ്ങളിലായി നടത്തി. മൂന്ന് മുതൽ ഏഴു വരെ ക്ലാസുകളിലെ കുട്ടികൾക്ക് മഞ്ചവിളാകം സ്റ്റേഡിയത്തിൽ വച്ചും ഒന്നും രണ്ടും ക്ലാസുകൾക്ക് സ്കൂൾ ഗ്രൗണ്ടിൽ വച്ചും മത്സരങ്ങൾ നടത്തി കായിക പ്രതിഭകളെ കണ്ടെത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു.

# മെരിറ്റ് ഡേ

കഴിഞ്ഞ വർഷം വിവിധ ക്ലബ്ബുകളുടെ ചുമതലയോടെ നടന്ന മെറിറ്റ് ഡേ ആസ്വാദ്യകരവും ഹൃദ്യവുമായി. മികവ് അവതരണവും മികവ് പ്രദർശനവും മികവുകളുടെ സമ്മാന വിതരണവും ഈ ദിവസം നടന്നു. പൊതുയോഗത്തിൽ കവി ശ്രീ. വിനോദ് വെള്ളായണി കുട്ടികളോടൊപ്പം ചേർന്നുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു.

ദേശീയ ഏകതാ ദിനാചരണത്തോടനുബന്ധിച്ച് പാർലമെന്റിൽ നടന്ന അനുസ്മരണ ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ മികവിന്റെ അടിസ്ഥാനത്തിൽ അവസരം ലഭിച്ച നമ്മുടെ സ്കൂളിലെ പൂർവ വിദ്യാർത്ഥിനിയായ അനുശ്രീ, യു.എസ്.എസ്. വിജയികളായ പ്രണവ്, മകയിര എന്നിവരെ ആദരിച്ചു.



മെരിറ്റ് ഡേ, കവി ശ്രീ. വിനോദ് വെള്ളായണി ഉദ്ഘാടനം ചെയ്യുന്നു.

# സമ്മാനങ്ങൾ സമ്പന്നമാക്കിയ ശാസ്ത്ര–പ്രവൃത്തി പരിചയ മേളകൾ

ഈ വർഷത്തെ സബ്ജില്ലാ ശാസ്ത്രോത്സവവും പ്രവൃത്തിപരിചയമേളയും പാറശാല (ശാമുവൽ എൽ.എം.എസ്) സ്കൂളിൽ വച്ച് നടന്നു. മേളയിൽ നമ്മുടെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു. പ്രവൃത്തിപരിചയമേളയിൽ പങ്കെടുത്ത എല്ലാ കുട്ടികളും സമ്മാനം നേടി.

### ശാസ്ത്ര–പ്രവൃത്തി പരിചയമേള – സബ് ജില്ലാതല വിജയികൾ




# കുരുന്നുകളുടെ വിസ്മയ പ്രകടനം കുഞ്ഞിലത്താളം




ഈ വർഷത്തെ സ്കൂൾ കലോത്സവം ഒക്ടോബർ 1 ന് പ്രധാനാധ്യാപകനായ ശ്രീ. പ്രശാന്ത് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. രചനാമത്സരങ്ങൾ നേരത്തേ നടന്നു. എൽ.പി./യു.പി. വിഭാഗങ്ങളിലെ മത്സരവിജയികളെ കണ്ടെത്തി.

സ്റ്റേജിനങ്ങൾ 'കുഞ്ഞിലത്താളം' എന്ന പേരിലാണ് നടന്നത്. കൺവീനർ ശ്രീമതി ദീപ ആർ.വി. ആയിരുന്നു. വളരെ പരിചയസമ്പന്നരായ വിധികർത്താക്കളായിരുന്നു വിധി നിർണയം നടത്തിയത്. ഗ്രൂപ്പിനങ്ങളിലും വ്യക്തിഗത ഇനങ്ങളിലുമായി ഇരുന്നൂറിലേറെ കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. സ്ക്രീനിങ്ങിലൂടെ തെരഞ്ഞെടുക്കുകയായിരുന്നു. ഓരോ മത്സരങ്ങൾക്കുശേഷവും വിജയികളെ കണ്ടെത്തി അനൗൺസ് ചെയ്തു. വിജയികൾ സബ്ജില്ലാ മത്സരത്തിൽ മാറ്റുരച്ചു.

# സ്കൗട്ട് & ഗൈഡ്സ്

## കുട്ടികളുടെ ത്രിദിന സഹവാസ ക്യാമ്പും പരിശീലനവും



മഞ്ചവിളാകം സർക്കാർ അപ്പർ പ്രൈമറി സ്കൂളിലെ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റിന്റെ ഈ വർഷത്തെ ത്രിദിന സഹവാസ ക്യാമ്പും പരിശീലനവും കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. നവനീത് കുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജ്മെന്റ് സമിതി ചെയർമാൻ ശ്രീ. സന്തോഷ്കുമാർ അധ്യക്ഷ പ്രസംഗം നടത്തി. ആശംസകൾ അർപ്പിച്ചുകൊണ്ട് ഹെഡ്മാസ്റ്റർ ശ്രീ. പ്രശാന്ത് എം.എസ്, സ്കൗട്ട് & ഗൈഡ്സ് ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശ്രീരാജ്, രക്ഷാകർത്തൃ പ്രതിനിധി ശ്രീമതി വത്സല, സ്കൂൾ സ്കൗട്ട് മാസ്റ്റർ ശ്രീ. രഞ്ചു ആർ.എസ്., ഗൈഡ് ക്യാപ്റ്റൻ ശ്രീമതി ദീപ ആർ.വി, തുടങ്ങിയവർ പങ്കെടുത്തു. വ്യത്യസ്തവും പ്രയോജനപ്രദവുമായ ത്രിദിന പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. 12–ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് ക്യാമ്പ് സമാപിച്ചു.

### യുനിക്സ് അക്കാഡമി ഐറ്റി എക്സാം റാങ്ക് ജേതാക്കൾ



ആദിത്യൻ A VIB (First Rank)
അമൃത B S VIIB (Third Rank)
ആദിശങ്കരൻ V IIA (Fourth Rank)
ഗൗരി നന്ദ G S UKG (Fourth Rank)

# ജില്ലാതലത്തിൽ ശ്രദ്ധനേടി വിദ്യാലയത്തിന്റെ ELA പ്രോജക്ട്



എൽ.പി. വിഭാഗം മലയാളം ELA പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ കലാരൂപങ്ങൾ



മണ്ണിന്റെ വൈജാത്യം തേടി വിദ്യാർത്ഥികൾ കണ്ണൻകുഴി പാടശേഖരം സന്ദർശിച്ചപ്പോൾ

സമഗ്രശിക്ഷാ കേരളം 2022–23, പഠനപരിപോഷണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന ELA പ്രോജക്ട് കോവിഡ് 19 കാലഘട്ടത്തിനുശേഷം സ്കൂളുകളിലെത്തിയ കുട്ടികൾക്കുണ്ടാകുന്ന പഠനപ്രയാസങ്ങൾ മറികടക്കുന്നതിനും വിവിധ മേഖലകളിൽ പിന്തുണ നൽകുന്നതിനും ലക്ഷ്യമിടുന്നു. ജന്മനാടിന്റെ സൗന്ദര്യവും കലാപാരമ്പര്യവും അടിസ്ഥാനമാക്കിയാണ് എൽ.പി. വിഭാഗം മലയാളം പ്രോജക്ട് രൂപംകൊണ്ടത്. ഇതിന്റെ ഭാഗമായി ഒരു കലാമ്യൂസിയം വിദ്യാലയത്തിൽ സ്ഥാപിക്കുകയും 'കലാരവം' ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. കുട്ടികൾ ഗ്രാമങ്ങളിലേക്കിറങ്ങിച്ചെല്ലുകയും സാംസ്കാരിക വൈവിധ്യം അനുഭവിച്ചറിയുകയും ചെയ്തു.

യു.പി തലത്തിൽ ELA യുടെ ഭാഗമായി 'മണ്ണ്–വൈജാത്യം തേടി', 'മണ്ണിന്റെ ജീവൻ' 'ജലസുരക്ഷ' എന്നീ മൂന്ന് സയൻസ് പ്രോജക്ടുകൾ നടപ്പിലാക്കി. മണ്ണിന്റെയും ജലത്തിന്റെയും സ്വാഭാവിക ഘടന, പ്രത്യേകതകൾ എന്നിവ മനസ്സിലാക്കുന്നതിനും പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ മണ്ണിനും ജലത്തിനും ഭീഷണിയാകുന്നതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ പ്രോജക്ടുകൾ സഹായകമായി. പരിചയസമ്പന്നരായ കർഷകർ, ഹരിതകർമ്മസേന പ്രവർത്തകർ, കൃഷിവിദഗ്ദ്ധർ എന്നിവരോട് സംവദിക്കുന്നതിനും ഫീൽഡുതല സന്ദർശനത്തിലൂടെ നേരിട്ട് കാര്യങ്ങൾ ബോധ്യപ്പെടുന്നതിനും കുട്ടികൾക്ക സാധിച്ചു. കൃഷിവിദഗ്ദ്ധരായ ശ്രീ.സുരേഷ്, അഗ്രികൾച്ചറൽ ഓഫീസർ ശ്രീ. സജി, കർഷകനായ ശ്രീ. ജോർജ്ജ് എന്നിവർ കുട്ടികളുമായി സംവദിച്ചു. പ്രധാനാധ്യാപകനായ ശ്രീ. എം.എസ്. പ്രശാന്ത്, എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ് കുമാർ, ജനപ്രതിനിധികൾ, എസ്.എം.സി അംഗങ്ങൾ, രക്ഷകർത്താക്കൾ എന്നിവർ പ്രോജക്ട് നിർവ്വഹണത്തിൽ പങ്കാളികളായി.

# നാടും നാട്ടറിവും കണ്ടറിഞ്ഞ് പഠനയാത്രകൾ



പഠനയാത്രാ സംഘം മൂന്നാറിലെ എക്കോ പോയിന്റിൽ

യാത്രയിലൂടെ പ്രകൃതിയുമായി ഇണങ്ങുന്ന ഒരു നവ്യാനുഭവം. ആത്മനിലയം നഴ്സറി ഗാർഡനിൽ ഏഴാം ക്ലാസിലെ കുട്ടികൾ സന്ദർശനം നടത്തി. വിവിധങ്ങളായ അലങ്കാരമത്സ്യങ്ങൾ, പക്ഷികൾ, ചെടികൾ എല്ലാം നടന്നുകണ്ടു. സയൻസ് വിഷയവുമായി ബന്ധപ്പെട്ട് ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് ചെയ്യുന്നവിധം തൊഴിലാളികൾ വിവരിച്ചു കൊടുത്തു. കൂടാതെ ക്ലാസ് 5,6 ലെ കുട്ടികൾ ചരിത്രമാളിക സന്ദർശിച്ചു. അവിടുത്തെ പുരാതന വസ്തുക്കളുടെ കാഴ്ചകളും കുട്ടികളുടെ പഠനശേഷി കൂട്ടുന്നതായിരുന്നു. ബഹിരാകാശദിവസവുമായി ബന്ധപ്പെട്ട് ആറ്, ഏഴ് ക്ലാസുകളിലെ കുട്ടികൾ വി.എസ്.എസ്.സി സന്ദർശനം നടത്തി. റോക്കറ്റ് വിക്ഷേപണം, സൗണ്ട് റോക്കറ്റ്, മ്യൂസിയം ഇവ കാണുകയുണ്ടായി. കുട്ടികൾക്ക് ഇത് പുത്തൻ അനുഭവമായിരുന്നു. നാലാം ക്ലാസിലെ കുട്ടികൾ കുളവും വയലും തണലിടങ്ങളും തൊട്ടും തലോടിയും കളിച്ചുരസിച്ച് ഗ്രാമഭംഗി ആസ്വദിച്ചു. യു.പി. ക്ലാസ്സിലെ കുട്ടികൾ ഇടുക്കി, മൂന്നാർ, എറണാകുളം എന്നീ സ്ഥലങ്ങളിലേക്ക് മൂന്ന് ദിവസത്തെ സന്ദർശനം നടത്തി.

# രുചിവൈഭവത്തിന്റെ രസക്കൂട്ട്



ഫുഡ് ഫെസ്റ്റ്, പഞ്ചായത്തു പ്രസിഡന്റ് ശ്രീ. എൻ.എസ്. നവനീത് കുമാർ ഉദ്ഘാടനം ചെയ്യുന്നു

ഗാന്ധിദർശൻ ക്ലബ്ബിന്റെ ഭാഗമായി 28-10-2022 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ഫുഡ് ഫെസ്റ്റ് നടന്നു. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. നവനീത്കുമാർ എൻ.എസ്. ഉദ്ഘാടനം ചെയ്തു.

വ്യത്യസ്തമായ 50–ലേറെ വിഭവങ്ങളാണ് കുട്ടികൾ ഫുഡ്ഫെസ്റ്റിനായി കൊണ്ടുവന്നത്. പായസം തന്നെ അഞ്ചിലേറെ ഇനങ്ങൾ; വ്യത്യസ്ത രുചിഭേദങ്ങൾ. രക്ഷിതാക്കളുടെ പ്രയത്നം ഈ പരിപാടിയിലുടനീളം നിറഞ്ഞു. ഫുഡ് കൗണ്ടറുകളിലും അവരുടെ പങ്കാളിത്തം വളരെ വലുതായിരുന്നു. വിവിധയിനം വടകൾ, പായസങ്ങൾ, കിഴങ്ങുവർഗങ്ങൾ, പലഹാരങ്ങൾ, ബിരിയാണി, കപ്പ, മീൻകറി, ചമ്മന്തി എന്നുവേണ്ട എല്ലാ വിഭവങ്ങളും കൂട്ടത്തിലുണ്ട്. ക്രമീകരണത്തിലും നടത്തിപ്പിലും വളരെ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കൺവീനർക്കും ഇതിന്റെ വോളന്റിയേഴ്സിനും സാധിച്ചു. വോളന്റിയേഴ്സ് ധരിച്ച ബാഡ്ജ് ആകർഷകമായ വാക്യങ്ങൾ ചേർന്നവയായിരുന്നു.